ഷോക്ക് ബാറ്റൺ പ്രയോഗം

24 [798] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഷോക്ക് ബാറ്റൺ വിതരണം ചെയ്തിട്ടുണ്ട്; അവ ഏതെല്ലാം സ്റ്റേഷനുകളിലേക്കാണെന്ന് അറിയിക്കുമോ ;

(ബി) സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ കണ്ണൂർ ജില്ലയിലെ പരിയാരത്ത് പ്രക്ഷോഭം നടത്തിയ വിദ്യാർത്ഥികളുടെ ഗുഹ്യഭാഗത്ത് ഷോക്ക് ബാറ്റൺ പ്രയോഗിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിരായുധരായ വിദ്യാർത്ഥികളെ ഇപ്രകാരം പീഡിപ്പിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംവേദനക്ഷമതയായ അവയവങ്ങളിൽ ഷോക്ക് ബാറ്റൺ പ്രയോഗിക്കുന്നത് അപകടകരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം പ്രയോഗം നിരോധിക്കുകയും വിദ്യാർത്ഥികളെ പീഡിപ്പിച്ച പോലീസുകാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) ജില്ലാ എസ്. പി./സി. പി. മാരുടെ സാമ്പത്തിക അധികാര പരിധി അനുസരിച്ച് ഷോക്ക് ബാറ്റൺ വാങ്ങി ഉപയോഗിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൻപ്രകാരം കണ്ണൂർ ജില്ലയിൽ വാങ്ങിയ ഒരു ഷോക്ക് ബാറ്റൺ തളിപ്പറമ്പ് ഡി.വൈ.എസ്.പി.-ക്ക് കൊടുത്തിട്ടുണ്ട്. അതിനുപുറമെ 18 ഷോക്ക് ബാറ്റൺ കൂടി വാങ്ങിയിട്ടുണ്ട്. അതിന്റെ വിവരം ചുവടെ ചേർക്കുന്നു:

മ്യൂസിയം, തമ്പാനൂർ, വഞ്ചിയൂർ, നേമം, വട്ടിയൂർക്കാവ് എന്നീ 5 പോലീസ് സ്റ്റേഷനുകളിലെ റോന്തിയോ പട്രോൾ വാഹനങ്ങൾക്ക് ഒരെണ്ണം വീതവും കൊല്ലം ഈസ്റ്റ് സർക്കിൾ -1, ആലപ്പുഴ എ. ആർ. ക്യാമ്പ് -1, ഇടുക്കി എ. ആർ. ക്യാമ്പ് -1, ഡി.വൈ.എസ്.പി. ആലുവ-1, തൃശൂർ ജില്ലാ പോലീസ് സൂപ്രണ്ട്-1, മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട്-1, ഡി.വൈ.എസ്.പി. വടകര-1, കാസർഗോഡ് എ.ആർ. ക്യാമ്പ്-1, കോട്ടയം ഈസ്റ്റ് സി.ഐ.-5.

(ബി) ഗുഹ്യഭാഗത്ത് ഷോക്ക് ബാറ്റൺ ഉപയോഗിച്ചിട്ടില്ല.

(സി) വിദ്യാർത്ഥികളെ ഇപ്രകാരം പീഡിപ്പിച്ചിട്ടില്ലാത്തതിനാൽ നടപടിയുടെ ആവശ്യം ഉദിക്കുന്നില്ല.

(ഡി) ഷോക്ക് ബാറ്റൺ പ്രയോഗിക്കുന്നത് അപകടകരമല്ല.

(ഇ) വിദ്യാർത്ഥികളെ പീഡിപ്പിച്ചിട്ടില്ല.

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly